വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങളിലേയും ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങൾക്കും പെൻഷൻ സ്കീമിൽ അംഗമാകാം എന്ന് ഭേദഗതി വരുത്തുന്ന നിർദ്ദേശം പെൻഷൻ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ഈ ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ട്രൈബൽ ഗേൾസ് ഹോസ്റ്റലുകളുടെ പ്രവർത്തനം

15 (*193) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ട്രൈബൽ ഗേൾസ് ഹോസ്റ്റലുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ട്രൈബൽ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹോസ്റ്റൽ മുറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ ട്രൈബൽ ഹോസ്റ്റലുകളിലും ലേഡി വാർഡർമാരുടെ സേവനം ഉറപ്പാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) ട്രൈബൽ ഹോസ്റ്റലുകളിലെ അന്തേവാസികളുടെ പഠനം, സുരക്ഷ എന്നിവ കുറ്റമറ്റതാക്കാൻ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) അട്ടപ്പാടിയിലെ അഗളി ട്രൈബൽ ഹോസ്റ്റൽ സംഭവത്തെ സംബന്ധിച്ച നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) അഗളിയിലെ ട്രൈബൽ ഹോസ്റ്റൽ സംഭവത്തെ സംബന്ധിച്ച് കേന്ദ്ര പട്ടികജാതി-പട്ടികവർഗ്ഗ ദേശീയ കമ്മീഷൻ എന്തെങ്കിലും അഭിപ്രായം അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന്റെ ഭാഗമായി വാർഡൻമാർക്കും കുക്കുമാർക്കും പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ/ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർമാർ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ എന്നിവർ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മേൽനോട്ടം വഹിക്കുന്നുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ ഹോസ്റ്റലുകളിലും വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഹോസ്റ്റൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ഹോസ്റ്റൽ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ മൂന്നുമാസം കൂടുമ്പോഴും ഈ കമ്മിറ്റികൾ അതാത് ഹോസ്റ്റലുകളുടെ മീറ്റിംഗ് നടത്തി ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തി വരുന്നു.

(സി) ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. സ്വന്തമായി കെട്ടിടമുള്ള എല്ലാ ഹോസ്റ്റലുകളിലും ആവശ്യമായ ഫർണിച്ചർ ടെലിവിഷൻ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൗകര്യമുള്ള കെട്ടിടങ്ങളിൽ പാചകഗ്യാസ് കണക്ഷൻ, വെള്ളം ലഭ്യമാക്കുന്നതിനുള്ള പമ്പ് സെറ്റുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ ആവശ്യമായ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ഹോസ്റ്റലുകൾക്കായി സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്കുമാരായി നിയമിക്കപ്പെടുന്നവരെയാണ് ഹോസ്റ്റൽ വാർഡൻമാരായി നിയമിച്ച് വരുന്നത്. ഇതിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്നതിനാൽ ചില ഗേൾസ് ഹോസ്റ്റലുകളിൽ വാർഡനായി പുരുഷന്മാരെയും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിക്കുന്നു. ഇത് പെൺകുട്ടികളുടെ സുരക്ഷയ്ക്ക് ഹാനികരമാണെന്ന് ബോധ്യപ്പെട്ടതിനാൽ ഈ നിയമം മാറ്റുന്നതിനും സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുതിയതായി സംവിധാനങ്ങൾ ആവശ്യമെങ്കിൽ പരിശോധിച്ച് നടപ്പാക്കുന്നതാണ്.

(എഫ്) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ജി) ഉണ്ട്. അഗളി ഹോസ്റ്റലിലെ അന്തേവാസിയായിരുന്ന അവിവാഹിത അമ്മയായ സിന്ധുവിന് തൊഴിൽ നല്കുവാനും കൂടാതെ സിന്ധുവിന്റെ അച്ഛന്റെ മരണത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാനും നിർദ്ദേശം നല്കിയിരുന്നു. ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly